**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2123** **30-09-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ടിനെതിരായ പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ട് പി. പി. ദിവ്യക്കെതിരെ 2024 ഒക്ടോബർ 1 മുതൽ നാളിതുവരെ ലഭിച്ച പരാതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദാംശം സഹിതം വ്യക്തമാക്കാമോ; | (എ) | 25 പരാതികൾ ലഭ്യമായിട്ടുണ്ട് . പ്രസ്തുത പരാതികളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ടിയാൾക്കെതിരെ വിജിലൻസിന് ലഭിച്ചിട്ടുള്ള പരാതികൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ, അന്വേഷണ റിപ്പോർട്ടുകൾ, തുടർനടപടി ശിപാർശകളുടെ വിശദാംശം എന്നിവ ബന്ധപ്പെട്ട രേഖകളും തീയതികളും സഹിതം വ്യക്തമാക്കാമോ; | (ബി) | ജില്ലാ പഞ്ചായത്തിലെ നിർമ്മാണ കരാറുകളിൽ ഫണ്ട് ദുരുപയോഗം ചെയ്തുവെന്നും , നിർമ്മാണ കരാറുകൾ Carton India Alliance Pvt. Ltd. കമ്പനിയ്ക്ക് നൽകിയതിൽ സ്വജനപക്ഷപാതം നടത്തിയെന്നും മറ്റും ആയിരുന്നു പരാതികളിൽ പറഞ്ഞിരുന്നത്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കണ്ണൂർ യൂണിറ്റ് വെരിഫിക്കേഷൻ നടത്തി ഇവയിൽ ക്രമക്കേടുകൾ ഒന്നും തന്നെ ഇല്ലായെന്നും കണ്ടെത്തിയിട്ടുണ്ട്. |
| (സി) | എ.ഡി.എം. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് നാളിതുവരെ വിവിധ കോടതി വ്യവഹാരങ്ങൾക്കായി ഫീസിനത്തിലും ചെലവിനത്തിലും ഉൾപ്പെടെ സർക്കാർ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | കേസുകളിൽ സർക്കാർ അഭിഭാഷകർ തന്നെയാണ് ഹാജരായിട്ടുള്ളത്. ആയതിനാൽ ഫീസിനത്തിലും , ചെലവിനത്തിലും സർക്കാരിന് അധിക ചെലവ് ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ